(ബി) ഇപ്പോൾ നടപ്പാക്കി വരുന്ന സ്പോർട്ട് ബില്ലിംഗ് സംവിധാനത്തിന്റെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സംവിധാനം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ വൈദ്യുതി ബോർഡ് നേരിടുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്പോട്ട് ബിൽ നൽകുന്നതിന് ജീവനക്കാർ വീടുകൾ സന്ദർശിക്കുമ്പോൾ ബിൽ തുകകൂടി സ്പോട്ടിൽ വച്ച് സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്. 1-1-2001 മുതൽ സംസ്ഥാനത്തൊട്ടാകെ ബാധകമാക്കി.

(ബി) നേട്ടങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമാണ് ബിൽ ചെയ്യുന്നത് എന്ന് ഉപഭോക്താവിന് ബോധ്യം വരുന്നു. കൂടാതെ ഉപയോഗിക്കുന്ന വൈദ്യുതിയുടെ തോതും നിരക്കും രണ്ടു മാസത്തിലൊരിക്കൽ ഉപഭോക്താവിന് അറിയുവാനും ഉപയോഗം നിയന്ത്രിക്കുവാനും കുടിശ്ശിക വരാതെ വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനും സാധിക്കുന്നു.
2. ഉപയോഗിക്കപ്പെടുന്ന വൈദ്യുതിയുടെ കണക്ക് കൃത്യമായി ബോർഡിന് എല്ലാ മാസവും അറിയാൻ സാധിക്കുന്നു.
3. അഡീഷണൽ ബിൽ സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കുന്നു.
4. ഉപഭോക്താവിന്റെ സാന്നിദ്ധ്യത്തിൽതന്നെ ബിൽ തയ്യാറാക്കുന്നതിനാൽ ഉപഭോക്താവിന്റെ പരാതി ഗണ്യമായി കുറയുന്നു.
5. മീറ്ററിലെ തിരിമറി, മോഷണം, അനധികൃത കണക്ഷൻ എന്നിവ തടയാൻ ഒരു പരിധിവരെ സാധിക്കുന്നു.

(സി) ഇല്ല.

(ഡി) വിവിധ സാങ്കേതിക കാരണങ്ങളാൽ ബിൽ തുകകൂടി സ്പോട്ടിൽ സ്വീകരിക്കുന്ന സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

23 (*53) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിവിധ ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ നാലു വർഷക്കാലം സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഈ സർക്കാർ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നേട്ടങ്ങൾ സർക്കാർ കൈവരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്വന്തമായി വീടില്ലാത്ത സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും വീട് നിർമ്മിച്ച് നല്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ എത്ര ആദിവാസികൾക്ക് സ്വന്തമായി വീട് നിർമ്മിച്ചു നല്കി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ആദിവാസി സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ സൗജന്യമായി നല്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചുവോ ; എങ്കിൽ എന്തൊക്കെ പദ്ധതികളെന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ വിവിധ ആദിവാസി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഐ.എച്ച്.ഡി.പി. പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യമായ റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ട്രൈബർ സബ്പ്ലാൻ പദ്ധതി പ്രകാരം ത്രിതല പഞ്ചായത്തുകൾ വഴിയും നൽകി വരുന്നു.

(ബി) ഉണ്ട്.

(സി) ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിപ്രകാരം 247 ആദിവാസി സങ്കേതങ്ങളിൽ വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സങ്കേതങ്ങളിലുള്ള പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഗണ്യമായ തോതിൽ ഉയരുകയും ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ 218 ഓളം റോഡുകളുടെ പണി പൂർത്തിയാക്കുകയും ഉൾപ്രദേശങ്ങളിൽ 7.70 കി.മി. റോഡുകൾ പൂർത്തിയാക്കി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 419 വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കുകയും 42 കിണറുകൾ 53 ബോർവെല്ലുകൾ എന്നിവ നിർമ്മിക്കുകയും 800 കോളനികളിൽ വൈദ്യുതികരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനുബന്ധത്തിൽ (നമ്പർ 1)† കാണിച്ചിരിക്കുന്ന വികസന പ്രവർത്തനങ്ങൾ കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 2000 മാർച്ചുവരെ നടപ്പിലാക്കിയിട്ടുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ഇതുവരെ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി 3117 വീടുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 14133 വീടുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

(ഇ) ആവിഷ്ക്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങൾ വൈദ്യുതീകരിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ വീടുകൾ വയറിംഗ് നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സങ്കേതങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, ഗ്രാമവികസനവകുപ്പ്, പട്ടികവർഗ്ഗ വികസനവകുപ്പ്, ത്രിതല പഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികൾ വഴി പദ്ധതികൾ നടപ്പാക്കി വരുന്നു.

(എഫ്) ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി ധാരാളം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്†.

ജപ്പാൻ സഹായത്തോടുകൂടിയുള്ള ശുദ്ധജലവിതരണ പദ്ധതികൾ

24 (*54) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ ഗവൺമെന്റ് സഹായത്തോടുകൂടി സംസ്ഥാനത്ത് ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് അനുമതി ലഭിച്ചത് ; പ്രസ്തുത പദ്ധതികളുടെ ആകെ ചെലവെത്ര ;

(ബി) ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്നാണ് കരാർ ഒപ്പുവച്ചത് ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതി എന്ന് തുടങ്ങി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) ഇത് ഇനി എന്ന് പൂർത്തിയാക്കാനാകും; എന്ന് ഇതിന്റെ പണി ആരംഭിക്കും ;

(ജി) കാലതാമസം ഉണ്ടായതുവഴി എന്തു തുക അധികമായി ചെലവഴിക്കേണ്ടിവരും ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

† അനുബന്ധം VI 'എ'

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23(*53)-ന്റെ 'സി' ഉത്തരം ദയവായി കാണുക]

സെക്ടർ വകുപ്പുകൾ മുഖേന പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി കണക്ഷനും/ കുടിവെള്ളവും എത്തിക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം

വർഷം	വൈദ്യുതി		കുടിവെള്ളം		കെ..ഡബ്യൂ.എ	
	ബി.പി.	എക്സ്പെൻ	ബി.പി.	എക്സ്പെൻ	ബി.പി.	എക്സ്പെൻ
1995-96	300	262.18	5.00	5.00	5.00	4.57
1996-97	250	236.85	5.00	3.00	230	211.21
1997-98	400	229.85	3.00	3.26	55.20	55.20
1998-99	47	72.20	21.00	21.00	14.00	9.98
					(എം.ഡബ്യൂ.എസ്)	
1999-2000	20.59	23.68	5.00	10.19		

അനുബന്ധം VI 'എ'

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23(*53)-ന്റെ 'എഫ്' ഉത്തരം ദയവായി കാണുക]

പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പരിപാടികളും പദ്ധതികളും

1. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും സ്കൂളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞു പോയവരെ പുനഃപ്രവേശിപ്പിക്കുന്നതിനും പുതിയ പദ്ധതി ആവിഷ്ക്കരിച്ചു.

2. ബിരുദാനന്തര ബിരുദത്തിനും റ്റി.റ്റി.സിയും ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം ഏർപ്പെടുത്തി.

3. കേരള കലാമണ്ഡലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു.

4. ആയുർവേദ ബിരുദാനന്തര ബിരുദത്തിന് 2 ശതമാനം സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തു.

5. വയനാട്, ഇടുക്കി, അട്ടപ്പാടി, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. ഇങ്ങനെ എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുവാനുള്ള നടപടി എടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

6. തിരുവനന്തപുരം ജില്ലയിലെ കട്ടേലയിലും വയനാട് ജില്ലയിലെ നല്ലൂർനാട്ടിലും പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സുകൾ ആരംഭിച്ചു.

7. മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിച്ചു വരുന്ന ആശ്രമം സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു.

8. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുവാനുള്ള നടപടി എടുത്തു.

9. മൺസൂൺ കാലത്ത് പട്ടികവർഗ്ഗക്കാർക്ക് തൊഴിലും ഭക്ഷണവും നല്കുന്നതിനുള്ള ഫുഡ് സപോർട്ട് പ്രോഗ്രാം എല്ലാ ജില്ലകളിലും ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ചു.

10. പ്രീമെട്രിക് ഹോസ്റ്റലുകളിലെ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തി.

11. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുവാൻ ഉത്തരവായി.

12. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന അടിയൻ പണിയൻ എന്നീ ദുർബല വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക വികസനം തുടങ്ങിയവക്ക് പ്രാധാന്യം നല്കുന്ന പരിപാടി ആവിഷ്ക്കരിച്ചു.

13. പട്ടികവർഗ്ഗ വികസന പരിപാടികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഗുണഭോക്താക്കളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ മേഖലകളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളെ നിയമിച്ചു.

14. എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള മേഖലകളിൽ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ പുനഃരധിവസിപ്പിക്കുന്നതിനുള്ള പരിപാടി ആവിഷ്ക്കരിച്ചു.

15. പ്രാചീന ഗോത്ര വർഗ്ഗക്കാരുടെ കുട്ടികൾക്കായി നിലവിലുള്ള മഞ്ചേരി, നൂൽപ്പുഴ ആശ്രമ സ്കൂളിന് പുറമേ പാലക്കാട് ഒരു ആശ്രമ സ്കൂൾ കൂടി തുടങ്ങി.

16. പണിയർക്ക് വേണ്ടി ഒരു മാതൃകാ റസിഡൻഷ്യൽ സ്കൂൾ വയനാട് ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

17. വയനാട് ജില്ലയിലെ പൂക്കോട് ഒരു മാതൃകാ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് അനുവാദം നല്കി.

18. ഐ.റ്റി.ഐ. പഠനം പൂർത്തിയാക്കി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഡീഷണൽ അപ്രന്റീസ് പദ്ധതി നടപ്പാക്കി.

19. പട്ടികവർഗ്ഗക്കാരെ സഹായിക്കുക എന്ന ലക്ഷ്യത്തോടു വനവിഭവ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

20. വർഷക്കാലത്ത് പട്ടികവർഗ്ഗക്കാരുടെ തൊഴിൽദിനങ്ങൾ കുറവായതിനാൽ പട്ടികവർഗ്ഗ ഇൻഷ്വറൻസ് പോളിസി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly